മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ സെഷനിൽ തന്നെ ഇക്കാര്യത്തെക്കുറിച്ച് വിശദീകരിച്ചിട്ടുള്ളതാണ്. ജയിലിലെ 1538–ാം നമ്പറുകാരനായ സനൽകുമാർ ഒരു പരാതി മജിസ്ട്രേട്ടിനും ജില്ലാ കോടതിക്കും കൊടുത്തു. ജില്ലാ ജഡ്ജി ജയിൽ വിസിറ്റ് ചെയ്തിട്ട് അദ്ദേഹത്തിന്റെ ഫൈൻഡിംഗ്സ് തന്നിട്ടില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ കുടുംബത്തിലുള്ള ആളുകളും സർവ്വീസിലുണ്ട്. അതുകൊണ്ട് ആ ഉദ്യോഗസ്ഥൻമാരെല്ലാം മാർക്സിസ്റ്റുകാരാണെന്ന് പറയാൻ ഞാൻ തയ്യാറല്ല. ഏതായാലും ഇക്കാര്യത്തെ സംബന്ധിച്ച് ഫൈൻഡിംഗ്സ് കിട്ടിക്കഴിഞ്ഞാലുടനെ നടപടി സ്വീകരിക്കാം.

IV. റിപ്പോർട്ട് സമർപ്പണം

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, 1986–ലെ കേരള സിവിൽ കോടതി ഭേദഗതി ബില്ലിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

സർ, 1986–ലെ കൊച്ചി ശാസ്ത്ര–സാങ്കേതികശാസ്ത്ര സർവ്വകലാശാലാ ബില്ലിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും ഞാൻ സമർപ്പിക്കുന്നു.

Minister for Transport **Sri. P. K. Velayudhan:** Sir, I preseht the report of the Subject Committee on the Kerala Tolls (Amendment) Bill, 1986.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ): സർ, 1986–ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബില്ലിൻമേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(i) റിപ്പോർട്ട് പരിഗണന

ശ്രീ. എം. എം. ഹസ്സൻ: സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ 31–ാമത്തെ റിപ്പോർട്ട് അംഗീകരിയ്ക്കണമെന്ന പ്രമേയം ഞാനവതരിപ്പിക്കുന്നു.

ശ്രീ. രാഘവൻ പൊഴക്കടവിൽ: സർ, ഞാനതിനെ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(ii) അനൗദ്യോഗിക ബില്ലുകൾ

1984–ലെ കേരള കെട്ടിടനിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയത്)

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, 1984–ലെ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബിൽ (ശ്രീ. കാനം രാജേന്ദ്രൻ നോട്ടീസ് നൽകിയത്) ഒരു സെലക്ട് കമ്മിറ്റിയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് കെട്ടിട നിർമ്മാണ തൊഴിലിൽ

LIBRARY ARCHIVES Kerala Legislative Assembly